## സർക്കാർ /അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ ഭൂമിയിൽ വിദ്യാവനം/നഗരവനം ഉണ്ടാക്കുന്നതിനുള്ള ധാരണാപത്രം

**കണ്ണൂർ സോഷ്യൽ ഫോറസ്ട്രി അസി.ഫോറസ്റ്റ് കൺസർവേറ്റർ ഒന്നാം കക്ഷിയായും, പ്രിൻസിപ്പാൾ, സർ സയ്യിദ് കോളജ്, തളിപ്പറമ്പ് രണ്ടാം കക്ഷിയായും ഉഭയകക്ഷി സമ്മതപ്രകാരം ഇന്നേ ദിവസം 21.04.2022 തയ്യാറാക്കുന്ന ഈ ധാരണാപത്രം പ്രകാരം താഴെ കൊടുത്തിരിക്കുന്ന വ്യവസ്ഥകൾ അംഗീകരിച്ച് രണ്ടാം കക്ഷിയുടെ അധീനതയിലുള്ള സ്ഥലത്ത് നഗരവനം** ഉണ്ടാക്കുന്നതിന് ഇതിനാൽ ധാരണയായിരിക്കുന്നു.

**വ്യവസ്ഥകൾ**

1. ഒന്നാം കക്ഷിയും, രണ്ടാം കക്ഷിയും സംയുക്തമായി രണ്ടാം കക്ഷിയുടെ അധീനതയിലുള്ള സ്ഥലത്ത് 500 എണ്ണം വൃക്ഷത്തൈകൾ നട്ട് വളർത്തുന്നതിന് യോജിച്ചുള്ള പ്രവർത്തനം നടത്തുന്നതാണ്.

2. വനംവകുപ്പ് വിതരണം ചെയ്യുന്ന തൈകൾ സർക്കാർ ഫണ്ട്/മറ്റ് സ്രോതസ്സുകളിൽ നിന്ന് ലഭിക്കുന്ന ഫണ്ട് ചെലവഴിച്ച് രണ്ടാം കക്ഷിയുടെ അധീനതയിലുള്ള സ്ഥലത്ത് പ്ലാന്റ് ചെയ്യുന്നതാണ്.
3. ഒന്നാം കക്ഷി, രണ്ടാം കക്ഷിക്ക് നല്കുന്ന വൃക്ഷത്തൈകൾ രണ്ടാം കക്ഷിയുടെ അധീനതയിലുള്ള സ്ഥലത്ത് നട്ട് പിടിപ്പിക്കേണ്ടതാണ്. നട്ടുപിടിപ്പിക്കുന്ന വൃക്ഷത്തൈകൾ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും രണ്ടാംകക്ഷിക്ക് ഉത്തരവാദിത്തമുണ്ട്. ആയതിന് MGNREG ഫണ്ട് ഉപയോഗിക്കാവുന്നതാണ്. നട്ട് പിടിപ്പിക്കുന്ന തൈകളുടെ അതിജീവനം രണ്ടാം കക്ഷി പരമാവധി ഉറപ്പ് വരുത്തേണ്ടതാണ്.
4. പ്ലാന്റ് ചെയ്യുന്ന സ്ഥലത്ത് പരിശോധനകൾ നടത്തുന്നതിനായി ഒന്നാം കക്ഷിക്കോ അദ്ദേഹം ചുമതലപ്പെടുത്തുന്ന വനംവകുപ്പ് ഉദ്യോഗസ്ഥർക്കോ കരാറുകാർക്കോ പ്രവേശനാവകാശം ഉണ്ടായിരിക്കുന്നതാണ്.
5. നട്ട് പിടിപ്പിച്ച വൃക്ഷത്തൈകൾ കുറഞ്ഞത് 3 വർഷം പൂർത്തിയാവുന്നത് വരെ ആവശ്യമായ പരിചരണ പ്രവർത്തികൾ നടത്തി സംരക്ഷിക്കാൻ രണ്ടാം കക്ഷി ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്. സർക്കാർ /അർദ്ധ സർക്കാർ ഭൂമിയിൽ നിന്ന് വൃക്ഷങ്ങൾ മുറിക്കുന്നതിന് സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്ക് വിധേയമായിരിക്കും.
6. ഏതെങ്കിലും തർക്കങ്ങളോ അഭിപ്രായവ്യത്യാസങ്ങളോ കക്ഷികൾക്ക് ഇടയിൽ ഉണ്ടാവുന്ന പക്ഷം അവ ജില്ലയിലെ സാമൂഹ്യവനവൽക്കരണത്തിന്റെ ചുമതലയുള്ള അസി.ഫോറസ്റ്റ് കൺസർവേറ്ററുടെ തീർപ്പിന് വിധേയമായിരിക്കുന്നതും അദ്ദേഹത്തിന്റെ തീർപ്പ് അന്തിമമായിരിക്കും.

ഒന്നാം കക്ഷിയുടെ പേരും ഒപ്പും

അസി.ഫോറസ്റ്റ് കൺസർവേറ്റർ
സോഷ്യൽഫോറസ്ട്രി, കണ്ണൂർ

രണ്ടാം കക്ഷിയുടെ പേരും ഒപ്പും

പ്രിൻസിപ്പാൾ,
സർ സയ്യിദ് കോളജ്, തളിപ്പറമ്പ്

Associate Professor
in charge of the Principal
Sir Syed College
Taliparamba - 670 142